**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**
**<u>തീരദേശ പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം</u>**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 146 26/02/2018-ൽ മറുപടിക്ക്**

**ചോദ്യം**
**ശ്രീ.പാറക്കൽ അബ്ദുല്ല**

**മറുപടി**
**പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ തീരദേശ പോലീസ് സ്റ്റേഷനുകളിലെ പോലീസുകാരെ അടുത്ത പോലീസ് സ്റ്റേഷനുകളിൽ ക്രമസമാധാന ചുമതലയിൽ മാറ്റി നിശ്ചയിക്കുന്ന രീതി ഇപ്പോൾ നിലവിലുണ്ടോ; | (എ) | നിലവിലില്ല. |
| (ബി) | ഇല്ലെങ്കിൽ മുൻകാലങ്ങളിൽ ഇങ്ങനെ നിശ്ചയിക്കുകയുണ്ടായോ; | (ബി) | തീരദേശ പോലീസ് സ്റ്റേഷനുകളിലെ പോലീസ് ഉദ്യോഗസ്ഥരെ ക്രമസമാധാന ഡ്യൂട്ടിക്കായി ( L&O Duty) നിയോഗിക്കുവാൻ പോലീസ് ആസ്ഥാനത്തു നിന്നും ജില്ലാ പോലീസ് മേധാവിമാർക്ക് അനുവാദം നൽകിയിരുന്നു. |
| (സി) | എങ്കിൽ ഓഖി ചുഴലിക്കാറ്റിന്റെ സന്ദർഭത്തിൽ ഇവരുടെ അസാന്നിദ്ധ്യം ദുരന്ത നിവാരണ രക്ഷാ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുകയുണ്ടായോ; | (സി) | ഇല്ല |
| (ഡി) | ഓഖി ചുഴലിക്കാറ്റിന്റെ പശ്ചാത്തലത്തിൽ തീരദേശ പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം ഊർജ്ജിതമാക്കാൻ സർക്കാർ എന്തൊക്കെ നടപടികൾ കൈക്കൊള്ളും എന്ന് വിശദമാക്കുമോ ? | (ഡി) | കോസ്റ്റ്ഗാർഡ്, ഇന്ത്യൻ നേവി, ജോയിന്റ് ഓപ്പറേഷൻ സെന്റർ, ഫിഷറീസ് വകുപ്പ് മുതലായ തീരദേശ സുരക്ഷയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന എല്ലാ ഏജൻസികളുടെയും പ്രവർത്തനങ്ങൾ ഏകോപിച്ചിട്ടുള്ളതും ടി ഏജൻസികളുമായി നിരന്തരം ബന്ധപ്പെടുന്നത് ഊർജ്ജിതമാക്കിയിട്ടുള്ളതുമാണ്. കൂടാതെ disaster management കാലാവസ്ഥ പഠനവുമായി ബന്ധപ്പെട്ടുള്ള വകുപ്പുകൾ എന്നിവരുടെ നിർദ്ദേശങ്ങളും അറിയിപ്പുകളും പ്രകാരം അടിയന്തിര നടപടികൾ സ്വീകരിക്കുവാൻ തീരദേശ പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസർമാർമാർക്ക് നിർദ്ദേശം നൽകിയിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ